**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/014/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: മെയ്-17- 2024**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. സുബ്രമണ്യൻ കെ.വി.,<br>കുഴുപ്പിള്ളി മഞ്ഞുമേൽ പി.ഓ.,<br>ഉദ്യോഗമണ്ഡൽ, എറണാകുളം ജില്ല-683501. |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>തൃപ്പൂണിത്തുറ, എറണാകുളം ജില്ല. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

കളമശ്ശേരി ഇലക്ട്രിക്കൽ സബ് ഡിവിഷന്റെ കീഴിൽ വരുന്ന ഏലൂർ ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മഞ്ഞുമ്മൽ ഭാഗത്തു പരാതിക്കാരനായ ശ്രീ സുബ്രഹ്മണ്യന്റെ ഉടമസ്ഥതയിൽ 5സെന്റ് വസ്തുവുണ്ട്. അപ്പീൽ പരാതിക്കാരന്റെ പറമ്പിലൂടെ അനുമതിയില്ലാതെ അയൽവാസിയും സഹോദരിയുമായ ശ്രീമതി ഇന്ദിരയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി എതിർകക്ഷി ലൈൻ വലിച്ചു എന്നതാണ് പരാതി. ആ ലൈൻ മാറ്റി സ്ഥാപിക്കണമെന്ന ആവശ്യവുമായി ലൈസൻസിയുടെ (എതിർ കക്ഷി ) ഉദ്യോഗസ്ഥരെ സമീപിച്ചെങ്കിലും ഫലം കാണാത്തതിനാൽ പരാതി CGRF ന് നൽകുകയുണ്ടായി. CGRF ഇരുകക്ഷികളുടെയും വാദം കേട്ട്, രേഖകൾ പരിശോധിച്ച ശേഷം 20/02/2024 ഉത്തരവിറക്കി. ഇതൊരു വസ്തു തർക്കമായതിനാൽ CGRF ന്റെ അധികാരപരിധിയിൽ വരുന്നില്ല എന്നും അതിനാൽ പരാതി തള്ളുന്നു എന്നുമാണ് ഉത്തരവിലുള്ളത്. ഈ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

എൻറെ വീടിൻറെ വടക്കുവശം എന്റെ സഹോദരിയും, അയൽവാസിയുമായ ഇന്ദിര.k.v. (കുഴുപ്പിള്ളി വീട്, മഞ്ഞുമ്മൽ.P.0 ) block 39ൽ വീട് പണിതിട്ടുണ്ട്. ഞാൻ വീട് പണിതു താമസിക്കുന്ന ഭൂമി block 38 ലാണ്. എൻറെ കോൺസെൻറ് ഇല്ലാതെ എൻറെ പറമ്പിലൂടെ ഇലക്ട്രിക് ലൈൻ ഇന്ദിര.K.V. യുടെ പറമ്പിലേക്ക് വലിച്ചിട്ടുണ്ട്. എൻ്റെ വീട് പൊളിച്ചു പണിയുമ്പോൾ, എൻറെ വീടിൻ്റെ തറ വരുന്ന ഭാഗത്തിലൂടെയാണ് ഈ വയർ വലിച്ചിരിക്കുന്നത്. ഈ വയർ മാറ്റിത്തരണമെന്നാണ് എൻറെ ആവശ്യം. ഇന്ദിര.K.V യുടെ നിലവിലെ ആധാരത്തിൽ വടക്കുവശവും, തെക്കുവശവും തെറ്റായി രേഖപ്പെടുത്തിട്ടുള്ളതാണ്. ഇതിൽ എൻ്റെ വീട് വടക്കുവശം അടയാളപ്പെടുത്തിയിരിക്കുന്നു. വില്ലേജിൽ നിന്നുള്ള location sketch ഇല്ലാതെ, Midhunam Architecturs & Planners, Eloor Mob : 9447205529 ഇവർ വരച്ച sketch ആണ് വീടിനു വേണ്ടി ഏലൂർ മുൻസിപ്പാലിറ്റി പാസ്സാക്കിയിരിക്കുന്നത്. ആധാരത്തിലെ പിശകുകൾ തിരുത്താതെയും, വഴി സംബന്ധിച്ചു വില്ലേജിൽ നിന്നുള്ള Location Sketch, അനുബന്ധരേഖകൾ ഹാജറാ ക്കാതെയും വീടിനു അനുമതി വാങ്ങിച്ചിട്ടുള്ളത്. ഇതിൽ തെക്കുവശം 'Plot for Vallon' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തെക്കു ഭാഗത്താണ് എൻറെ വീടിരിക്കുന്നത്. അച്ഛൻ വള്ളോൻറ്റെ പേരിൽ തെക്കുവശം സ്ഥലമില്ല. അതിര് വളവായിട്ടും വരച്ചു ചേർത്തിട്ടുണ്ട്. എൻറെ അതിർ നേർരേഖയിലാണുകിടക്കുന്നത്.

തറവാട് വീതം വെച്ചപ്പോൾ, അച്ഛൻറ്റെ നിർദ്ദേശപ്രകാരം എനിക്കവകാശപ്പെട്ട 2 സെൻറ് ഭൂമി എൻറെ സഹോദരനായ അശോകൻ.kv. യുടെ പേരിൽ ഇവിടെയുണ്ട്. Block 38ൽ ഷൈല K.V, അശോകൻ K.V, സുബ്രഹ്മണ്യൻ K.V എന്നിവരുടെ സ്ഥലമാണുള്ളത്. ഷൈല.K.V യും സുബ്രഹ്മണ്യൻ kv യും തമ്മിൽ 'വസ്തു വിൽപ്പനക്കരാർ' എഴുതുകയും ഷൈലയും, സുബ്രഹ്മണ്യനും അതിൽ ഒപ്പു വച്ചിട്ടുള്ളതുമാണ്. എനിക്ക് ഫോട്ടോകോപ്പി എടുത്തു തന്നിട്ട്, ഷൈലയും, അശോകൻ.k.v യും കൂടി ഇത് കൊണ്ടുപോയത്. ഞാൻ ഒപ്പിട്ടു കൊടുത്ത വസ്തു വിൽപ്പനക്കരാർ അശോകൻ.kv തിരുത്തി ആ സ്ഥലത്തു ഇന്ദിരയുടെ പേര് ചേർക്കുകയും, ഒന്നാം പേരുകാരനായ സുബ്രഹ്മണ്യൻ K.V. യുടെ സ്ഥാനത്തു ഇന്ദിര.K.V യുടെ ഫോട്ടോ പതിപ്പിച്ചു. വഴിയവകാശക്കരാർ എന്ന് സ്ഥാപിക്കുകയും ചെയ്തു. എൻറെ വസ്തുവിൻറ്റെ സർവ്വേ നമ്പർ 15615 ആണ്. ഈ നമ്പർ തിരുത്തി 14215 എന്നാക്കുകയും ചെയ്തു. ഇന്ദിര.K.Vയെ കരാറിലേക്കു കൊണ്ടുവന്നത് അശോകൻ.k.v യാണ്. ഇന്ദിരയുമായി എനിക്ക് യാതൊരു കരാറും

ഇല്ല.  ഒരുപേപ്പറും ഇന്ദിരക്ക് ഞാൻ ഒപ്പിട്ടു നൽകിയിട്ടുമില്ല. ആധാരം എഴുത്ത് ഗീത ജോർജ്ജും, മകൻ അലൻ ജോർജ്ജും ചേർന്നാണ് ഭൂമിയുടെ വശങ്ങൾ തെറ്റായി എഴുതി ഉണ്ടാക്കിയത്. രജിസ്റ്റർ ഓഫീസിലെ ബുക്ക് പരിശോധിച്ചാണ് ഇത് എഴുതിയത് എന്ന് അവർ എന്നോട് പറഞ്ഞു. അവർ ജോലി ചെയ്തിരുന്ന അഡ്വക്കേറ്റിൻറെ ഒപ്പും വിലാസവും (ഫോൺ നമ്പർ ഇല്ല) (സാം ഐസക്ക് പൊതിയിൽ,അഡ്വക്കേറ്റ് റോൾ നമ്പർ K/ 419 / 2005, കുരിയൻസ് റോഡ്, ഞാറക്കൽ P., വൈപ്പിൻ) ഇതിൽ രേഖപ്പെടുത്തിട്ടുണ്ട്.

ഇന്ദിരയും, മകൻ അമൽ.k.A യും കണ്ണൂരിലാണ് താമസിക്കുന്നത്. രജിസ്ട്രേഷൻ നടക്കുന്ന അന്ന് അവർ കൊങ്ങോർപ്പിള്ളിയിൽ എത്തിച്ചേർന്നു. ഞാൻ പണിസ്ഥലത്തുനിന്നും ഉച്ചയ്ക്ക് അവിടെ എത്തി. എഴുതിയത് എനിക്ക് വായിച്ചു നോക്കാൻ കഴിഞ്ഞില്ല. രെജിസ്റ്റാർ സ്ഥലം നോക്കാൻ ഇപ്പോൾ പോകും വേഗം ഒപ്പിട് എന്ന് പറഞ്ഞു നിർബന്ധിച്ചത് ഇന്ദിരയും, ഷൈല യും, ഗീത ജോർജ്ജും ചേർന്നാണ് രജിസ്റ്റർ ഓഫീസിൻറെ പുറത്തുള്ള ബഞ്ചിലിരുന്നാണ് ഇത് ഞാൻ ഒപ്പിട്ടു കൊടുത്തത്. ഞാൻ ഒപ്പിടുമ്പോൾ 'വഴിയാവകാശ കരാർ' എന്ന് മുകളിൽ രേഖപ്പെടുത്തിയിരുന്നില്ല. 4 ദിവസം കഴിഞ്ഞു ഇന്ദിര ഈ പേപ്പറുമായി എൻറെ വീട്ടിൽ വന്നു. അപ്പോഴാണ് ഞാൻ ഇത് വായിക്കുന്നത്. ഇതിൻറെ ഒരു കോപ്പി ഇന്ദിരയുടെ കൈവശം ഉണ്ട്. വിശ്വാസ വഞ്ചനയാണ് അശോകൻ, ഷൈല, ഇന്ദിര എന്നിവർ ചെയ്തിരിക്കുന്നത്. ഇന്ദിര.k.v വഴിക്കു വേണ്ടി വിട്ടിട്ടുള്ള ടി സ്ഥലം 14215 വള്ളോൻ മകൾ ഇന്ദിരയുടെ പേരിലല്ല എന്ന് വില്ലേജ് ഓഫീസർ എനിക്ക് സർട്ടിഫിക്കറ്റ് തന്നിട്ടുണ്ട്. പിന്നീട് അതിക്രമിച്ചു കയറി എൻറെ പറമ്പിൽ നിന്നിരുന്ന 4 കായ്ഫലമുള്ള തെങ്ങ്, പ്ലാവ്, മാവ്, എന്നിവ അശോകൻ.kv യും അമൽ.k.v യും മരംവെട്ടുകാരനെ നിർത്തി വെട്ടി മാറ്റിച്ചു. തെങ്ങിൻറെ മൂത്ത തടിക്കഷണം മുറിച്ചു ഇന്ദിരയുടെ വീടിൻറെ ഫൗഡേഷന് അടിച്ചു താഴ്ത്തി. ഞാൻ ഒപ്പിട്ടു കൊടുത്ത പിറ്റേ ആഴ്ചയിലാണ് ഇത് ചെയ്തത്. എനിക്ക് മാസം 2500/- രൂപയുടെ നഷ്ടമുണ്ട്. ഞാൻ ഒപ്പിട്ടുകൊടുത്ത മാസം മുതൽ നഷ്ടപരിഹാരം എനിക്ക് ലഭിക്കണം. അശോകനാണ് മരം വെട്ടാൻ ആളെ കൊണ്ടുവന്നത്. അശോകൻ എനിക്ക് മാസം 2500/- രൂപ വെച്ച് തരുവാൻ അവിടുന്ന് അനുവാദം ഉണ്ടാക്കണം. കൂലിപ്പണിക്കാരനായ എനിക്ക് യാതൊരു വരുമാന മാർഗവുമില്ല. എനിക്ക് ഒരു പെൺകുട്ടിയാനുള്ളത്. മൂത്ത സഹോദരനായ Dr.രാജു.K.Vയും ചേർന്നാണ് ഇന്ദിരയെ ഇതിൽ ഉൾപ്പെടുത്തിയത്.

ഈ രെജിസ്ട്രേഷൻ കഴിഞ്ഞു ഒരു മാസം കഴിഞ്ഞിട്ടാണ് അശോകൻ.k.v. എനിക്കും, ഷൈലക്കും 1 സെൻറ് സ്ഥലം വീതം രജിസ്റ്റർ ചെയ്തു തന്നത്. ടി

സ്ഥലത്തിൻറെ പടിഞ്ഞാറ് വശം 80cm ഗതാഗത യോഗ്യതയില്ലാത്ത വഴി എന്ന് തെറ്റായി എഴുതിച്ചേർത്തു. അശോകൻറ്റെ സ്ഥലത്തു നിന്നും 1/2 cent സ്ഥലം വഴിക്കു പോയിട്ടുണ്ട്. ഇപ്പോൾ അശോകന് ഈ സ്ഥലത്തിന് അവകാശമില്ല. KSEB യിലും, വാട്ടർ അതോറിറ്റിയിലും ഇന്ദിരയ്ക്കു വേണ്ടി അശോകൻ.K.V കൺസെൻറ് ഒപ്പിട്ടു കൊടുത്തിട്ടുണ്ട്. നോട്ടറി വക്കീലിൻറെ Settlement കരാർ അശോകൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഞാൻ ഒപ്പിട്ടിട്ടില്ല. എൻറെ ഒപ്പ് അശോകൻ ഇട്ടിട്ടുണ്ടാകും എന്ന് ഞാൻ സംശയിക്കുന്നു. എൻറെ വസ്തുവരെയുള്ള, ഷൈല വഴിക്കുവേണ്ടി വിട്ടിട്ടുള്ള സ്ഥലത്തിൻറെ ഭൂമി അവകാശം എനിക്കാണ്. അവിടെ വരെ ഈ വഴി നിലവിൽ ഉള്ളത്. ഈ വസ്തു പോക്കുവരവ് ചെയ്തു കരം അടച്ചു ഉപയോഗിക്കാൻ എന്നെ അനുവദിക്കണം. ഇന്ദിര.kv യെ ഈ കരാറിൽ നിന്നും നീക്കം ചെയ്യണം. ഏലൂർ KSEB rootmap വടക്കുവശം ( ആറാട്ടുകടവ് റോഡ് ) കാണിച്ചു temporary കരാറെടുക്കുവാൻ post ഇല്ലാത്ത സ്ഥലത്തുകൂടി കണ്ണങ്കേരി റോഡിൽ വന്നിട്ട് എൻറെ വീട്ടിൽ കൂടി ഇന്ദിരയുടെ വീട്ടിലേക്കു വയർ വലിച്ചിരിക്കുന്നത്. ഇത് ഞാൻ ഉത്തരവിട്ട ഉദ്യോഗസ്ഥൻറെ പേര്, വിലാസവും, വിവരാവകാശം ആവശ്യപ്പെട്ടു. കൃത്യമായ മറുപടി എനിക്ക് ലഭിച്ചില്ല. പകരം മതിലിനോട് ചേർന്ന വയർ പിറ്റേന്ന് അഴിച്ചു എൻ്റെ പറമ്പിൻറെ നടുവിലൂടെ ഇന്ദിരയുടെ വീട്ടിലേക്കു കൊടുക്കുകയാണുണ്ടായത്. എൻ്റെ പുരയുടെ തറ വരുന്ന ഭാഗത്തൂടെയാണ് ഈ വയർ വലിച്ചിരിക്കുന്നത്. ഈ വയർ അഴിച്ചുമാറ്റണം എന്നാണ് എൻറെ ആവശ്യം. ഇന്ദിരയ്ക്കു വില്ലേജിൽ നിന്നും location sketch കൊടുത്തിട്ടില്ല എന്നാണ് ഓഫീസർ പറഞ്ഞത്. ഇതിന് അനുയോജ്യമായ തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നു വിനീതമായി അപേക്ഷിക്കുന്നു.

ഞാൻ രണ്ടു പ്രാവശ്യം വടക്ക് അതിർത്തിയിൽ കുറ്റിയിട്ടു കെട്ടിയെങ്കിലും അശോകനും, അമലും ചേർന്ന് അത് പൊളിച്ചുനീക്കി. അമൽ അനധികൃതമായി എൻറെ പറമ്പിലേക്ക് കടക്കുകയും, കണ്ണൂരിൽ നിന്നും ഗുണ്ടകളെ കൊണ്ടുവരും എന്ന് എന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നെ അതിക്രമിക്കുവാൻ നടക്കുന്നവർക്ക് സൗജന്യമായി എൻറെ ഭൂമി ഞാൻ വിട്ടുകൊടുക്കില്ല. എൻറെ വീടിൻറെ പണി തുടങ്ങുന്നതിനു ഇവരെല്ലാവരും തടസ്സമായി നില്ക്കുന്നത്. ഇതിനു ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കി തരണമെന്ന് അങ്ങയോട് ഞാൻ താഴ്മയായി അപേക്ഷിക്കുന്നു.

## എതിർക്കക്ഷിയുടെ വാദം

It is submitted that, Sri. Subramanyan K.V., Kuzhupilly House, Manjummel P.O., Udyogamandal has a property under the jurisdiction of Electrical section, Eloor. Nearest to that property is the residency of Sri.Indira K.V., Kuzhupilly House, Manjummel P.O., Udyogamandal younger sister of Sri.Subramanyan K.V.

It is submitted that, Sri.Subramanyan K.V. has complaint against the act of KSEBL provided electricity to the residence of Smt.Indira .K.V without the permission of Sri.Subramanyan K.V. Such a complaint had been received on Electrical section, Eloor and an apt explanation about the incident has been given to Sri.Subramanyan K.V.
It is submitted that, on evaluating the property agreement it was understood that, Sri. Subramanyan K.V. and Sri.Indira K.V. has right to use the path that connecting to their properties as per the agreement. In the agreement it is also mentioned that for essential services like electricity, water supply, telephone connection ;etc the petitioner and Smt.Indira K.V. has permission to utilize the aforementioned pathway.

On basis of the agreement and as per human rights Smt.Indira K.V. had every right to receive electricity supply drawn to their property in most feasible and cost effective way. Hence the connection was provided to her property drawing cables through the pathway nearest to the house.

## പരാതിക്കാരന്റെ എതിർ വാദം

അവിടെ നിന്നും 05-04-24 ൽ എനിക്ക് രണ്ടുപേജുള്ള ഒരു കത്ത് അയയ്ക്കുകയും, 08-04-2024000 വൈകിട്ട് 6.pm മണിക്ക് എനിക്കതു ലഭിക്കുകയും ചെയ്തു. 19-03-2024ൽ ഞാൻ ഒരു അപേക്ഷ Part (a),(b) എന്നി രൂപത്തിൽ അങ്ങയ്ക്ക് സമർപ്പിക്കുകയുണ്ടായി. അതോടൊപ്പം പ്രധാനപ്പെട്ട രേഖകളുടെ 2 കോപ്പി വീതം നേരിട്ട് ഓഫീസിൽ ഹാജറാക്കിയിട്ടുള്ളതാണ്. ഇതിൻറ്റെ ഒരു കോപ്പി എൻറ്റെ കൈവശം സൂക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ 7 ദിവസത്തിനു മുൻപ് എന്നോട് രേഖകൾ ഹാജറാക്കാൻ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അത് പ്രകാരം പ്രധാനപ്പെട്ട രേഖകൾ ഞാൻ ഹാജറാക്കുന്നു.

ഇന്ദിര.K.V. block 39 ഉടമയും, ഞാൻ block 38-ൽ താമസക്കാരനുമാണ്. block 39 separate സ്ഥലമാണ്. block 39 ലെ സ്ഥലക്കാരൻ എങ്ങനെയാണ് block 38 ൽ സ്ഥലം വിട്ടുതരുന്നത്?

വഴിയവകാശക്കരാറിൽ ഇന്ദിര.kv. വിട്ടിരിക്കുന്നത് block-39ൽ 14215 തണ്ടപ്പേർ ഭൂമിയാണ്. ഈ ഭൂമിയുടെ ആധാരം, മുന്നാധാരത്തിൻറ്റെ കോപ്പി, 14215

തണ്ടപ്പേർ നമ്പറിൽ ഏലൂർ വില്ലേജിൽ ഇന്ദിര കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ഈ സ്ഥലത്തിൻറെ ബാദ്ധ്യത സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസർ നൽകിയിരിക്കുന്ന Location Sketch എന്നിവ അങ്ങ് പരിശോധിക്കണമെന്ന് വിനയപുരസരം അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം കേൾക്കൽ രാവിലെ 11:00 മണിക്ക്, 2024 മെയ് 08-ആം തീയതി ഓംബുഡ്സ്മാന്റെ കാര്യാലയത്തിൽ വച്ച് നടക്കുകയുണ്ടായി. പരാതിക്കാരനായ ശ്രീ. സുബ്രമണ്യൻ കെ.വി., എതിർ കക്ഷിയായ ശ്രീ. ശിവദാസൻ എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, തൃപ്പൂണിത്തുറ എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

അപ്പീൽ പരാതിക്കാരന്റെ പിതാവ് എഴുതിക്കൊടുത്ത 1.62 ആർ (4സെന്റ്) സഹോദരനായ ശ്രീ അശോകൻ കെ വി എഴുതികൊടുത്ത 41 ച. മീ (1സെന്റ് ) ഉൾപ്പെടെ 5 സെന്റ് വസ്തു പരാതിക്കാരന്റെ ഉടമസ്ഥതയിൽ ഉണ്ട്. ടി വസ്തുവിന്റെ വടക്കുഭാഗത്തായി സഹോദരി ശ്രീമതി ഇന്ദിരയുടെ വസ്തുവും തെക്കുവശത്തായി സഹോദരി ശ്രീമതി ഷൈലയുടെ വസ്തുവും സ്ഥിതി ചെയ്യുന്നു. 16/05/2019 ആം തീയതി ശ്രീമതി ഇന്ദിര ഒന്നാം കക്ഷിയായും അപ്പീൽ പരാതിക്കാരൻ രണ്ടാം കക്ഷിയായും സഹോദരീ ശ്രീമതി ഷൈല മൂന്നാം കക്ഷിയായി ഒരു വഴിയവകാശ കരാർ എഴുതി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി വഴിക്കരാർ പ്രകാരം ഇവരുടെ വസ്തുക്കളിൽ നിന്നും 29.5 മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലുമായി ബെൽ മൗത്ത് സൗകര്യത്തോടുകൂടി ഒന്നാം പേരുകാരിക്കും, രണ്ടാം പേരുകാരനും, ടി ആളുകളുടെ പിൻഗാമികൾക്കും, അതാതു കാലത്തെ കൈവശക്കാർക്കും ടി ആളുടെ വക പട്ടിക വസ്തുക്കളിലേക്ക് വാഹനങ്ങളിലും അല്ലാതെയും ഗതാഗതം ചെയ്യുന്നതിനും മറ്റുമുള്ള അവകാശം ഇട്ടിരിക്കുന്നു. കൂടാതെ വഴിയായി തിരിച്ചിട്ടിരിക്കുന്ന സ്ഥലത്ത് കൂടി രണ്ടു കക്ഷികൾക്കും വാഹനങ്ങളിലൂടെയും അല്ലാതെയും ഗതാഗതം ചെയ്യുന്നതിനുള്ള അവകാശത്തെ സംബന്ധിച്ച് യാതൊരു തർക്കങ്ങളും ചോദ്യവും തടസവും ഉന്നയിക്കുന്നതല്ലെന്നും സമ്മതിച്ചിരിക്കുന്നു. പട്ടിക വകകളുടെ ഉടമസ്ഥാവകാശം ഒന്നും രണ്ടും മൂന്നും പേരുകാരിൽ തന്നെ നിക്ഷിപ്തം ആയിരിക്കും. ടി വഴിയുടെ വിസ്തീർണത്തിന് വ്യത്യാസം വരുത്തുന്നതിനോ, മറ്റു

തടസ്സങ്ങൾ വല്ലതും ഉണ്ടാക്കുന്നതിനോ പാടുള്ളതല്ല. കൂടാതെ കക്ഷികൾക്ക് ഗതാഗതം ചെയ്യുന്നതിന് ഇലക്ട്രിക് ലൈൻ, വാട്ടർ ലൈൻ, ടെലഫോൺ, കേബിൾ ടിവി മുതലായവ എടുത്തു ഉപയോഗിക്കുന്നതിനുള്ള അവകാശവും ഉണ്ടായിരിക്കുന്നതാണ്.

രജിസ്റ്റർ ചെയ്തിട്ടുള്ള ഈ വഴിക്കരാർ പ്രകാരം ഈ വഴിയിലൂടെ ലൈൻ വലിക്കാൻ ശ്രീമതി ഇന്ദിരയ്ക്ക് അവകാശമുണ്ടെന്ന് കാണാം. തർക്കം ഉന്നയിച്ചിട്ടുള്ള വഴിയുടെയും മറ്റും അടുത്തകാലത്ത് എടുത്ത ചിത്രങ്ങൾ എതിർകക്ഷി ഹാജരാക്കിയിട്ടുണ്ട്. ആ ചിത്രങ്ങളിൽ മൂന്ന് മീറ്റർ വീതിയിൽ വഴി തിരിച്ചിട്ടിരിക്കുന്നത് വ്യക്തമായി കാണാൻ കഴിയുന്നു. ഇലക്ട്രിക് പോസ്റ്റ് വഴിയുടെ ഒരറ്റത്ത് പഞ്ചായത്ത് റോഡിന് സമീപമായി സ്ഥാപിച്ചിരിക്കുന്നത് കാണാം. സർവീസ് ലൈൻ ഈ വഴിയുടെ മുകളിലൂടെ ഇന്ദിരയുടെ വീട്ടിലേക്ക് പോയിരിക്കുന്നതും കാണാം.

അപ്പീൽ പരാതിക്കാരന്റെ വാദം അദ്ദേഹം കരമൊടുക്കുന്ന വസ്തുവിന് മുകളിലൂടെ ലൈൻ പോയിരിക്കുന്നു എന്നതാണ്. ഈ വഴിയുടെ ജന്മാവകാശം വഴിക്കരാർ പ്രകാരം മൂന്ന് കക്ഷികൾക്കുമായിരിക്കും. അതിനാൽ അവരവരുടെ വസ്തുവിന് ജന്മാവകാശമുള്ളവർ തന്നെ കരമൊടുക്കേണ്ടിവരും. കരം തീർത്താലും വഴിക്കരാർ പ്രകാരം വഴിയവകാശം ശ്രീമതി ഇന്ദിരയ്ക്ക് ഉണ്ടെന്നുള്ളത് ആ കരാറിൽ വ്യക്തമാണ്. പുതിയ കണക്ഷന് അപേക്ഷിച്ച് കണക്ഷൻ ലഭിക്കുന്നതിനു മുൻപുള്ള ലൈസൻസിയുടെ പരിശോധനയിൽ ലൈൻ പോകുന്ന സ്ഥലത്തിന്റെ അവകാശം അല്ലെങ്കിൽ കൺസെന്റ് ഹാജരാക്കണം. ഇവിടെ മേൽ പ്രസ്താവിച്ച വഴിക്കരാറിന്റെ കോപ്പിയാണ് സമർപ്പിച്ചിട്ടുള്ളത്. അതുപ്രകാരം ശ്രീമതി ഇന്ദിരയ്ക്ക് അവകാശം ഉണ്ടെന്നത് വ്യക്തമാണ്.

അപ്പീൽ പരാതിക്കാരൻ ഉന്നയിക്കുന്ന മറ്റു വാദഗതികൾ അദ്ദേഹത്തിന്റെ സഹോദരങ്ങൾ അദ്ദേഹത്തെ ചതിച്ചാണ് ഈ വഴിക്കരാർ ഉണ്ടാക്കിയത് എന്നാണ്. അതുപോലെ, വസ്തുക്കൾ കൈമാറ്റം ചെയ്തതിലുമൊക്കെ അദ്ദേഹത്തിനെ മറ്റുള്ളവർ വഞ്ചിച്ചു എന്നതുമൊക്കെയാണ്. ഇത്തരം വസ്തുതർക്കത്തിൽ ഇടപെടുക എന്നത് ഓംബുഡ്സ്മാന്റെ അധികാരപരിധിയിൽപെടുന്നതല്ല. അതെല്ലാം മറ്റു നിയമവ്യവസ്ഥ വഴി പരിഹാരം കാണേണ്ടതാണ്. ഇവിടെ ലൈസൻസി ലൈൻ വലിച്ചത് അനധികൃതമാണോ? consent വേണ്ടിയിരുന്നോ എന്നൊക്കെയുള്ള കാര്യങ്ങളാണ് പരിശോധനയ്ക്കു വിധേയമാകുന്നത്. രജിസ്റ്റർ ചെയ്തിട്ടുള്ള വഴിക്കരാർ പ്രകാരം ശ്രീമതി ഇന്ദിരയ്ക്കും ടി വഴി

അവകാശപ്പെട്ടതായതിനാൽ വേറെ consent ഹാജരാക്കേണ്ട ആവശ്യകത വരുന്നില്ല. അതിനാൽ തന്നെ ലൈസൻസി അനധികൃതമായി അല്ല ലൈൻ വലിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷികളുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ലൈസൻസി സർവീസ് ലൈൻ വലിച്ചിട്ടുള്ളത് അനധികൃതമല്ലാത്തതിനാൽ അത് മാറ്റി സ്ഥാപിക്കേണ്ട ബാധ്യത ലൈസൻസിക്കില്ല.

2. വസ്തുവുമായിയിട്ടുള്ള തർക്കങ്ങളിൽ ഇടപെടാൻ ഓംബുഡ്സ്മാന് അധികാരമില്ലാത്തതിനാൽ ഈ പരാതി ഇവിടെ തീർപ്പാക്കുന്നു.

3. അപ്പീൽ പരാതിക്കാരന് വസ്തുതർക്കം മറ്റു നിയമ വ്യവസ്ഥയിലൂടെ പരിഹാരം കാണാൻ ശ്രമിക്കാവുന്നതാണ് .

മേൽ പ്രസ്താവിച്ച തീരുമാനങ്ങളോടെ ഈ പരാതി തീർപ്പാക്കിയിരിക്കുന്നു. വേറെ ചെലവുകൾ ഒന്നും തന്നെ അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/014/2024/ തീയതി: 17/05/2024.

## അയക്കുന്നത്:

1. ശ്രീ. സുബ്രമണ്യൻ കെ.വി., കുഴുപ്പിള്ളി മഞ്ഞുമേൽ പി.ഓ., ഉദ്യോഗമണ്ഡൽ, എറണാകുളം ജില്ല-683501.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തൃപ്പൂണിത്തുറ, എറണാകുളം ജില്ല.

## പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4

3. ചെയർപേഴ്സൺ , കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, 220 കെ.വി. സബ്സ്റ്റേഷൻ കോമ്പൗണ്ട്, HMT കോളനി പി.ഓ., കളമശ്ശേരി-683503.